**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.എ.)വകുപ്പ്**

നം.55122/ഡി.എ.3/09/തസ്വഭവ　　　　തിരുവനന്തപുരം, തീയതി: 16.11.2009

**സർക്കുലർ**

വിഷയം:- 2009-10 ഗ്രാമസഭാവർഷമായി ആചരിക്കൽ - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- കേന്ദ്ര ഗവൺമെന്റ് പഞ്ചായത്ത്‌രാജ് വകുപ്പ് സെക്രട്ടറിയുടെ 03.10.2009, 02.10.2009 എന്നീ തീയതികളിലെ ജെ-11011/12/2009-മീഡിയ നമ്പർ കത്ത്.

1959 ഒക്ടോബർ 2-ന് രാജസ്ഥാനിലെ നാഗൂരിൽ അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പഞ്ചായത്ത്‌രാജ് ഉത്ഘാടനം ചെയ്തതിന്റെ 50-ാം വാർഷികം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് രാജ്യമൊട്ടാകെ 2009-10 ഗ്രാമസഭാ വർഷമായി ആചരിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക വികസനം കൈവരിക്കാനുതകുന്ന പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള അർത്ഥപൂർണ്ണമായ വേദിയാണ് ഗ്രാമസഭയെന്നുള്ള പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക, ഗ്രാമസഭകൾ അവയുടെ ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നുണ്ടെന്നും അതിലൂടെ ഗ്രാമസഭകൾ പ്രാദേശിക ഭരണത്തിന്റെ നാലാമത്തെ തലമായി (fourth tier of local governance) പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് പ്രധാനമായും ഗ്രാമസഭാവർഷാചരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

2. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കേരളത്തിലും 2009-10 ഗ്രാമസഭാവർഷമായി ആചരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമസഭാ വർഷാചരണത്തിന്റെ കാലയളവ് 2009 ഒക്ടോബർ 2 മുതൽ 2010 ഒക്ടോബർ 2 വരെ ആയിരിക്കും.

3. പ്രാദേശിക ഭരണ സംവിധാനത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാൻ അവസരം ലഭിക്കുന്ന ജനാധിപത്യവേദിയാണ് ഗ്രാമസഭ. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 3എ, 3ബി വകുപ്പുകളിൽ ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും (മൂന്ന് മാസത്തെ ഇടവേളയിൽ) ഗ്രാമസഭായോഗം ചേരേണ്ടതുണ്ട്. കാര്യക്ഷമമായ നടത്തിപ്പിലൂടെ മാത്രമെ ഗ്രാമസഭയുടെ അധികാരാവകാശങ്ങളുടെ വ്യാപ്തിയും ശക്തിയും ജനങ്ങൾക്ക് ബോധ്യപ്പെടുകയുള്ളൂ. ഗ്രാമസഭാവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനും 2009 ഒക്ടോബർ 2 മുതൽ 2010 ഒക്ടോബർ 2 വരെയുള്ള കാലയളവിൽ ചുവടെ വിവരിക്കുന്ന പ്രവർത്തനങ്ങൾ ക്യാമ്പയിൻ മാതൃകയിൽ നടപ്പാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിക്കുന്നു.

**3.1 സംസ്ഥാനതലം**

(1) സാമൂഹിക-സാമ്പത്തിക വികസനത്തിൽ ഗ്രാമസഭയുടെ പങ്ക്, വ്യക്തമായ അജണ്ടയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള വേദിയായി ഗ്രാമസഭയെ മാറ്റേണ്ടതിന്റെയും ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകത മുതലായ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനു

വേണ്ടി സംസ്ഥാന സർക്കാരിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെയും ആഭിമുഖ്യത്തിൽ സമഗ്രമായ പ്രചാരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക. ഇതിന് ആവശ്യമായ പ്രചാരണ സാമഗ്രികൾ കിലയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്.

(2) ദൃശ്യ-ശ്രാവ്യ-അച്ചടി-ഇന്റർനെറ്റ്-എസ്.എം.എസ്. മാധ്യമങ്ങൾ മുഖേന വ്യാപകമായ രീതിയിൽ പരസ്യ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

(3) ബ്ലോക്ക്, ജില്ല, സംസ്ഥാനതലങ്ങളിൽ ഏറ്റവും മികച്ച ഗ്രാമസഭകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകുക. സംസ്ഥാനതലത്തിൽ മികച്ച 10 ഗ്രാമസഭകളെ തെരഞ്ഞെടുക്കുന്നതാണ്.

(4) ഗ്രാമസഭയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും, വികേന്ദ്രീകൃതാസൂത്രണവും അധികാരവികേന്ദ്രീകരണവും, ഗ്രാമസഭകളുടെ സോഷ്യൽ ഓഡിറ്റ് മുതലായ വിഷയങ്ങളിൽ വിവിധ തലങ്ങളിലുള്ളവരുടെ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ കിലയുടെ ആഭിമുഖ്യത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുക.

(5) മത്സരങ്ങളിലൂടെയും ബോധവത്ക്കരണ ക്ലാസുകളിലൂടെയും വിദ്യാർത്ഥികളിൽ ഗ്രാമസഭയുടെ പങ്കിനെക്കുറിച്ചുള്ള സന്ദേശമെത്തിക്കുക. ഇതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ളവ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ പ്രബന്ധ മത്സരവും സംഘടിപ്പിക്കണം.

(i) ഗ്രാമസഭ : പങ്കാളിത്ത ജനാധിപത്യത്തിന്റെ വേദി
(ii) ഗ്രാമസഭയും എല്ലാ സാമൂഹിക-സാമ്പത്തിക ജനവിഭാഗങ്ങളുടെ പങ്കാളിത്തവും
(iii) ഗ്രാമസഭയും പ്രാദേശിക സാമ്പത്തിക വികസനവും
(iv) ഗ്രാമസഭയും സോഷ്യൽ ഓഡിറ്റും

**3.2 ഗ്രാമപഞ്ചായത്ത് തലം**

(1) ഏറ്റവും കുറഞ്ഞത് നാല് ഗ്രാമസഭകളെങ്കിലും ഗ്രാമസഭാവർഷാചരണത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി നിശ്ചിത കാലയളവിൽ സംഘടിപ്പിക്കണം. ഇതിനായി പ്രത്യേക ഗ്രാമസഭകൾ ചേരേണ്ടതില്ല. അനിവാര്യമായും കൂടേണ്ടതും ഈ കാലയളവിൽ മറ്റ് ആവശ്യങ്ങൾക്കായി കൂടുന്നതുമായ ഗ്രാമസഭകൾ ഈ ലക്ഷ്യത്തോടെ സംഘടിപ്പിച്ചാൽ മതിയാകും. തീയതികൾ മുൻകൂട്ടി നിശ്ചയിച്ച് ഖണ്ഡിക 4-ൽ വിവരിച്ചിട്ടുള്ളത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഗ്രാമസഭകൾ കാര്യക്ഷമമായി നടത്തേണ്ടതാണ്.

(2) കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ ഒരു ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒറ്റ ദിവസം ഗ്രാമസഭകൾ ചേരാൻ കഴിയുകയില്ല. എന്നിരുന്നാലും ചുവടെ നൽകിയിട്ടുള്ള ദിവസങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് ആ ദിവസങ്ങളിൽ ഒരു വാർഡിലെങ്കിലും ഗ്രാമസഭ ചേരുന്ന രീതിയിൽ ഗ്രാമസഭാ യോഗങ്ങൾ ക്രമീകരിക്കുന്നതിന് കഴിവതും ശ്രമിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (i) | ജനുവരി 26 | : | റിപ്പബ്ലിക് ദിനം |
| (ii) | മാർച്ച് 8 | : | അന്തർദേശീയ വനിതാ ദിനം |
| (iii) | ഏപ്രിൽ 24 | : | ദേശീയ പഞ്ചായത്ത് ദിനം |
| (iv) | ആഗസ്റ്റ് 15 | : | സ്വാതന്ത്ര്യദിനം |
| (v) | ഒക്ടോബർ 2 | : | ഗാന്ധിജയന്തി |

(3) ഗ്രാമസഭയുടെ അധികാരാവകാശങ്ങൾ, പൗരന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും മുതലായവ ബഹുജന വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമാക്കണം. ഇതിന് ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(i) ബോധവൽക്കരണ ക്ലാസുകൾ

(ii) ലഘുലേഖകൾ പ്രസിദ്ധീകരിക്കൽ

(iii) സ്കൂൾ അസംബ്ലികളിൽ വിളംബരം ചെയ്യൽ

(iv) ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ പ്രചാരണം

(iv) അയൽക്കൂട്ടങ്ങൾ/കലാസമിതികൾ/ഗ്രന്ഥശാലകൾ/സഹകരണസ്ഥാപനങ്ങൾ/തുടർവിദ്യാകേന്ദ്രങ്ങൾ/അംഗൻവാടികൾ എന്നീ സ്ഥാപനങ്ങളിലൂടെ പ്രചാരണം

(4) അനിവാര്യമായും ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതായ വിവരങ്ങൾ, റിപ്പോർട്ടുകൾ എന്നിവ നിർബന്ധമായും ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

(5) ഗ്രാമസഭകൾ സ്ഥിരമായി കൂടുന്നതിനും പ്രശ്നപരിഹാരത്തിനും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള അർത്ഥവത്തായ വേദികളാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

## 4. ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ

(1) കഴിവതും അവധി ദിവസങ്ങളിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുക.

(2) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കുറഞ്ഞത് 4 മണിക്കൂർ സമയമെങ്കിലും ലഭിക്കത്തക്കവിധം ഗ്രാമസഭായോഗങ്ങൾ നിശ്ചയിക്കുക.

(3) ഒരേസമയം ഒന്നിലധികം ഗ്രാമസഭകൾ വിളിച്ചുചേർക്കാതിരിക്കുക.

(4) ഗ്രാമസഭാ യോഗതീയതികൾ ഭരണസമിതിയോഗത്തിൽ മുൻകൂട്ടി തീരുമാനിക്കുകയും വിജയകരമായ നടത്തിപ്പിനാവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കുകയും ചെയ്യുക. ഓരോ പ്രദേശത്തെയും സാമൂഹിക സംഘടനകളുടെ പങ്കാളിത്തത്തോടെ ഒരു ക്യാമ്പയിൻ മാതൃകയിലായിരിക്കണം യോഗങ്ങൾ സംഘടിപ്പിക്കേണ്ടത്.

(5) കൃത്യമായ മുന്നൊരുക്കപ്രവർത്തനങ്ങൾ, ആസൂത്രണം എന്നിവ നടത്തുക. ഇതിനായി സംഘാടകസമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

(6) മുഴുവൻ വോട്ടർമാരേയും ഗ്രാമസഭാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമസഭയിലെ പങ്കാളിത്തം മൊത്തം വോട്ടർമാരുടെ 25 ശതമാനമെങ്കിലും ആയി വർദ്ധിപ്പിക്കേണ്ടതാണ്.

(7) എല്ലാ സാമൂഹിക-സാമ്പത്തിക ജനവിഭാഗങ്ങളിലും ഉൾപ്പെട്ടവരെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേക പരിശ്രമം നടത്തേണ്ടതാണ്.

(8) പദ്ധതി ആസൂത്രണത്തിലും മറ്റ് പൊതുഭരണകാര്യങ്ങളിലും ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ സംക്ഷിപ്തരൂപത്തിൽ വ്യക്തമാക്കുന്ന ക്ഷണക്കത്ത്/നോട്ടീസ് അച്ചടിച്ച് മുൻകൂട്ടി എല്ലാവീടുകളിലും എത്തിക്കേണ്ടതാണ്.

(9) ഗ്രാമസഭായോഗങ്ങൾ സംബന്ധിച്ച നോട്ടീസ്ബോർഡ് പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക. നിലവിലുള്ള വാർത്താബോർഡുകൾ ഇതിനായി പ്രയോജനപ്പെടുത്തണം.

(10) പ്രദേശത്തെ സ്കൂളുകൾ, അംഗൻവാടികൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയിലൂടെ ഗ്രാമസഭകൾ സംബന്ധിച്ച അറിയിപ്പ് നൽകുക.

(11) ഗ്രാമസഭാ സംഘാടകസമിതി യോഗത്തിൽവച്ച് അയൽക്കൂട്ടം പ്രവർത്തകർ, വനിതാസ്വയംസഹായ സംഘാംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, എസ്.സി., എസ്.ടി. പ്രമോട്ടർമാർ മുതലായവരെ ഗ്രാമസഭയുടെ അറിയിപ്പ് നൽകുന്നതിനും പ്രചാരണത്തിനും ഉള്ള ചുമതല ഏല്പിക്കുക.

(12) സർക്കാർ ഇതര സംഘടനകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ, കലാ–സാംസ്കാരിക ക്ലബ്ബുകൾ എന്നിവയുടെ ഭാരവാഹികളുടെ യോഗം വിളിച്ചുചേർത്ത് ഗ്രാമസഭായോഗത്തിനായി പ്രത്യേക പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

(13) എസ്.സി., എസ്.ടി. പ്രമോട്ടർമാർ, തുടർവിദ്യാഭ്യാസ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ച് ഗ്രാമസഭകളുടെ പ്രചാരണാർത്ഥം പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ഭവനസന്ദർശനത്തിലൂടെ പ്രചാരണം സംഘടിപ്പിക്കുകയും ചെയ്യുക.

(14) എൻ.സി.സി., നാഷണൽ സർവ്വീസ് സ്കീം, സോഷ്യൽ സർവ്വീസ് ടീം എന്നിവയുടെ അംഗങ്ങളായ കോളേജ് വിദ്യാർത്ഥികളെ പ്രയോജനപ്പെടുത്തി പ്രത്യേക പ്രചാരണം സംഘടിപ്പിക്കുക.

(15) സ്വയാർജ്ജിത വ്യക്തിത്വം മുഖേന ഗ്രാമസഭ സമ്പുഷ്ടമാക്കാൻ കഴിയുന്ന വ്യക്തികളെ നേരിട്ട് കണ്ട് ക്ഷണിച്ച് ഗ്രാമസഭയിൽ പങ്കെടുപ്പിക്കുക.

(16) വിവിധ രാഷ്ട്രീയ–ട്രേഡ് യൂണിയനുകൾ, സാമൂഹിക–സന്നദ്ധ–ബഹുജന സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത്, ഗ്രാമസഭയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും ഗ്രാമസഭാ യോഗത്തിന്റെ അജണ്ടയും ചർച്ചചെയ്ത് ധാരണയുണ്ടാക്കണം.

(17) ഹ്രസ്വമായ ഉദ്ഘാടനത്തിനുശേഷം മുൻകൂട്ടി തയ്യാറാക്കിയ കാര്യപരിപാടി അനുസരിച്ച് യോഗ പരിപാടികൾ ക്രമീകരിക്കണം. ഉദ്ഘാടനയോഗം യാതൊരു കാരണവശാലും അരമണിക്കൂറിൽ അധികരിക്കാൻ പാടില്ല.

(18) വാർഷിക പദ്ധതി ആസൂത്രണം, വികസന പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കൽ എന്നിവയുമായി ബന്ധപ്പെട്ട ചർച്ച ചിട്ടയായി പൂർത്തിയാക്കുന്നതിന് മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവതരണത്തിനും ചർച്ച നയിക്കുന്നതിനും ആളുകളെ ചുമതലപ്പെടുത്തുകയും ആവശ്യമായ തയ്യാറെടുപ്പുകൾ മുൻകൂട്ടി നടത്തുകയും ചെയ്യുക.

(19) ഗ്രാമസഭായോഗങ്ങൾ ഫലപ്രദമായി നടത്തുന്നതിന് ഒരു വാർഡിന് രണ്ടുപേർ (ഒരു പുരുഷനും ഒരു സ്ത്രീയും) എന്നരീതിയിൽ ഗ്രാമപഞ്ചായത്തുകൾ തിരഞ്ഞെടുത്ത് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കിലയുടെ പരിശീലനം ലഭിച്ച ഗ്രാമസഭാഫെസിലിറ്റേറ്റർമാരെ ഫലപ്രദമായി ഉപയോഗിക്കുക.

5. ഈ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള സഹായ സംവിധാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പ്രവർത്തിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
18 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
19 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളുടെയും പ്രോജക്ട് ഡയറക്ടർമാർക്ക്
24 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർക്കും (പെർഫോമൻസ് ആഡിറ്റ്)
25 എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
26 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
33 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
35 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്